# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4799**

01/07/2013 **ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം

| ചോദ്യം<br>ശ്രീ. എം. എ. വാഹീദ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുഭരണ വകുപ്പിൽ എത്രപേർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി എന്ന് വ്യക്തമാക്കാമോ; ഇതിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവർ എത്രയാണ്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 272 പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ആശ്രിത നിയമന പദ്ധതി പ്രകാരം 53 പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. |
| **ബി)** മറ്റു വകുപ്പുകളിൽ ജോലിയിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കായി എത്ര ശതമാനം ഒഴിവാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നീക്കിവച്ചിട്ടുള്ളത്; പ്രസ്തുത രീതിയിൽ നിയമനം നൽകിയതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | ബി) | 24.05.1999 ലെ G.O(P) No.12/99/ P&ARD ഉത്തരവനുസരിച്ച്, സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ നിന്ന് വർഷം തോറും ഉണ്ടാകുന്ന ഒഴിവുകളുടെ 5% പൊതുഭരണ (സി.ഇ. സെൽ) വകുപ്പിന് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അങ്ങനെ വർഷം തോറും ടി വകുപ്പുകൾ അറിയിക്കുന്ന ഒഴിവുകൾ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നു. ഇപ്രകാരം നീക്കിവയ്ക്കുന്ന 5% ഒഴിവുകളിൽ മറ്റ് വകുപ്പുകളിൽ ജോലിയിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ